**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2212** **30-09-2025 - ൽ മറുപടിയ്ക്ക്**

**ഷൊർണ്ണൂർ മണ്ഡലത്തിലെ ആരോഗ്യ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. മമ്മിക്കുട്ടി | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ഷൊർണ്ണൂർ മണ്ഡലത്തിലെ ഗ്രാമീണ മേഖലകളിൽ നിത്യരോഗങ്ങൾ, മാതൃശിശു സംരക്ഷണം, പോഷകാഹാരം എന്നിവയെക്കുറിച്ച് സാധാരണ ജനങ്ങൾക്ക് ബോധവൽക്കരണം നടത്താൻ എന്തൊക്കെ പദ്ധതികൾ സർക്കാർ ഈ വർഷം ആസൂത്രണം ചെയ്തിട്ടുണ്ടെന്ന് വിശദമാക്കാമോ? | (എ) | കിടപ്പിലായ നിത്യരോഗികൾക്കായി പാലിയേറ്റീവ് പരിചരണ പദ്ധതി ഫലപ്രദമായ രീതിയിൽ നടപ്പിലാക്കി വരുന്നുണ്ട്. ഇതിന്റെ ഭാഗമായി പാലിയേറ്റീവ് ടീം ഗൃഹസന്ദർശനം നടത്തുകയും രോഗികൾക്ക് മികച്ച പരിചരണം ഉറപ്പ് വരുത്തുകയും നിശ്ചിത ഇടവേളകളിൽ രോഗികളുടെയും ബന്ധുക്കളുടെയും പങ്കാളിത്തത്തോടെ പാലിയേറ്റീവ് സംഗമം നടത്തുകയും ചെയ്തു വരുന്നു. മാതൃശിശു സംരക്ഷണത്തിന്റെ ഭാഗമായി Antenatal ക്ലിനിക്കുകൾ വഴി ആരോഗ്യ പ്രവർത്തകർ ബോധവത്ക്കരണക്ലാസുകൾ സംഘടിപ്പിച്ചിട്ടുണ്ട്. ജനകീയ ആരോഗ്യ കേന്ദ്രങ്ങൾ വഴിയും അങ്കണവാടികൾ വഴിയും കൗമാരക്കാർക്കും അടിസ്ഥാനപരമായ ആരോഗ്യ ബോധവൽക്കരണം നൽകിയിട്ടുണ്ട്. പോഷകാഹാരത്തിന്റെ പ്രാധാന്യം ഉൾക്കൊള്ളുന്നതിനായി ജനകീയാരോഗ്യ കേന്ദ്രങ്ങളിൽ വ്യാഴാഴ്ച്ച തോറും നടക്കുന്ന NCD ക്ലിനിക്കുകൾ വഴി അതാത് പ്രദേശത്തെ പൊതുജനങ്ങളുടെ പങ്കാളിത്തത്തോടെ ജീവിതശൈലീരോഗങ്ങൾ സംബന്ധിച്ച ആരോഗ്യ അവബോധം പകർന്നിട്ടുണ്ട്. വനിതകൾക്കായി 'ആരോഗ്യം ആനന്ദം' എന്ന ക്യാൻസർ പ്രതിരോധ ജനകീയക്യാമ്പയിന്റെ ഭാഗമായി സ്തനാർബുദവും ഗർഭാശയഗള അർബുദവും നേരത്തേ കണ്ടെത്തുന്നതിനും പ്രതിരോധിക്കുന്നതിനുമായി ബോധവത്ക്കരണ ക്ലാസുകളും സ്ക്രീനിങ്ങും സംഘടിപ്പിച്ചിട്ടുണ്ട്.<br><br>വിവ ക്യാമ്പയിനിലൂടെ കൃത്യമായ പരിശോധന നടത്തി കൗമാരക്കാരായ പെൺകുട്ടികളിലും സ്ത്രീകളിലും ഉണ്ടാകുന്ന വിളർച്ച തിരിച്ചറിയുകയും, വേണ്ടവർക്ക് ആവശ്യമായ ചികിത്സയും, കൃത്യമായ ബോധവൽക്കരണ പ്രവർത്തനങ്ങളും നടത്തിവരുകയും ചെയ്യുന്നു. എല്ലാ ചൊവ്വാഴ്ചകളിലും |

| | | | |
|---|---|---|---|
| | | | ജനകീയ ആരോഗ്യ കേന്ദ്രങ്ങളിൽ നടക്കുന്ന വുമൺ വെൽനെസ് ക്ലിനിക്കിൽ സ്ത്രീകളുടെ ആരോഗ്യവുമായി ബന്ധപ്പെട്ട് വിവിധ പ്രവർത്തനങ്ങൾ നടത്തി പ്രവർത്തനങ്ങൾ "സ്ത്രീ" (Strengthening Her to empower every one) എന്ന പേരിൽ പ്രത്യേക ക്യാമ്പയിനായി സെപ്റ്റംബർ 16ന് പ്രഖ്യാപിക്കുകയും ചെയ്തിരുന്നു. പ്രസ്തുത ക്യാമ്പയിനുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ജനകീയ ആരോഗ്യ കേന്ദ്രങ്ങളിൽ നടന്നുവരുന്നു.<br><br>നേരിട്ടുള്ള ബോധവൽക്കരണ പരിപാടികൾക്കു പുറമെ നവമാധ്യമങ്ങളിലൂടെയും വാട്സ്ആപ്പ് ഗ്രൂപ്പുകളിലൂടെയും ബോധവൽക്കരണ മെസ്സേജുകളും വീഡിയോകളും ഷെയർ ചെയ്യപ്പെടുകയും അത് പരമാവധി പൊതുജനങ്ങളിലേക്ക് എത്തിക്കുന്നതിന് വേണ്ട പ്രവർത്തനങ്ങൾ നടത്തി വരികയും ചെയ്യുന്നു. ദൃശ്യശ്രാവ്യ മാധ്യമങ്ങൾ വഴിയും പ്രാദേശിക ഭാഷകളിലും സന്ദേശങ്ങൾ തയ്യാറാക്കി നല്കുന്നത് വഴി വലിയതോതിൽ മാറ്റങ്ങൾ വരുത്താൻ സാധിക്കുന്നുണ്ട്.<br><br>മാതൃ-ശിശു സംരക്ഷണത്തിന്റെ ഭാഗമായി എല്ലാ ചൊവ്വാഴ്ചകളിലും പി.എച്ച്.സി., എഫ്.എച്ച്.സി., സി.എച്ച്.സി., പി.പി.യൂണിറ്റ്, ജനകീയാരോഗ്യകേന്ദ്രങ്ങൾ ഉൾപ്പെടെയുള്ള ആരോഗ്യ കേന്ദ്രങ്ങളിൽ ഗർഭിണികൾക്കായി ആന്റിനേറ്റൽ ക്ലിനിക്കുകൾ നടത്തിവരുന്നുണ്ട്. കൂടാതെ എല്ലാ ബുധനാഴ്ചകളിലും തിരഞ്ഞെടുക്കപ്പെട്ട മറ്റു ദിവസങ്ങളിലും ഔട്ട് റീച് സെഷൻസ് ഉൾപ്പെടെ പ്രതിരോധ കുത്തിവയ്പ്പുകളും, ആർ.ബി.എസ്.കെ. നഴ്സുമാർ വഴി കുട്ടികളുടെ സ്ക്രീനിങ്ങും നടത്തുന്നുണ്ട്. ഇവിടെയെത്തുന്ന ഗർഭിണികൾക്കും, അമ്മമാർക്കും ഗർഭ സംരക്ഷണത്തിനും, മുലയൂട്ടുന്നതിന്റെ പ്രാധാന്യത്തെ പറ്റിയും, ഗർഭനിരോധന മാർഗ്ഗങ്ങളെപ്പറ്റിയും ആവശ്യമായ ബോധവൽക്കരണം ഡോക്ടർമാരും മറ്റ് ആരോഗ്യ പ്രവർത്തകരും വഴി നൽകിവരുന്നുണ്ട്. കൂടാതെ സ്കൂൾ, അംഗൻവാടികൾ, അഡോളസെന്റ് ഹെൽത്ത് ക്ലിനിക്കുകൾ വഴി അഡോളസെന്റ് ഹെൽത്ത് കൗൺസിലർമാരും കൗമാരക്കാർക്ക് ആവശ്യമായ ബോധവൽക്കരണം നടത്തുന്നുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന വിവിധ ആരോഗ്യ പദ്ധതികളും നടപ്പിലാക്കുന്നുണ്ട്. അതിലൂടെ ബോധവൽക്കരണ പ്രവർത്തനങ്ങളും ആരോഗ്യ കേന്ദ്രങ്ങളുടെ മേൽനോട്ടത്തിൽ തുടർന്നു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ